(ബി) ഇറിഗേഷൻ വകുപ്പു പണം അടയ്ക്കാത്തതിനാൽ വൈദ്യുതി കണക്ഷൻ ലഭിക്കാത്ത കാരണത്താൽ ടി പദ്ധതി കമ്മീഷൻ ചെയ്യാതിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഈ പദ്ധതി കമ്മീഷൻ ചെയ്യുന്നതിനും ഇലക്ട്രിസിറ്റി ബോർഡിൽ പണം അടയ്ക്കുവാനും നടപടി കൈക്കൊള്ളുമോ ?

ഉത്തരം

(എ) കടുവാക്കുഴി ലിഫ്റ്റ് ഇറിഗേഷന്റെ രണ്ടാംഘട്ടം പണി പൂർത്തിയായി.

(ബി) ഒ. വൈ. ഇ. ഇ. ചാർജായി 7,56,000 രൂപ ഇലക്ട്രിസിറ്റി ബോർഡിന് അടയ്ക്കേണ്ടതുണ്ട്. കണക്ഷൻ ലഭിക്കാത്തതിനാൽ കമ്മീഷൻ ചെയ്യാൻ സാധിച്ചിട്ടില്ല.

(സി) നടപടി സ്വീകരിച്ചു വരുന്നു.

കുഴൽ കിണർ നിർമ്മാണം സംബന്ധിച്ചുള്ള ചട്ടങ്ങൾ

75 (967) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓപ്പൺ ബോർവെൽ നിർമ്മാണവുമായി ബന്ധപ്പെട്ട് ഏതെങ്കിലും ചട്ടങ്ങൾ നിലവിൽ ഉണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പു ലഭ്യമാക്കാമോ ;

(സി) പ്രസ്തുത ചട്ടങ്ങൾ നിലവിലില്ലെങ്കിൽ, അത്തരത്തിൽ ഒരു ചട്ടം രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) കുഴൽകിണർ നിർമ്മാണം സംബന്ധിച്ചുള്ള പരാതികൾ അന്വേഷിക്കുന്നതിനും തീർപ്പു കൽപ്പിക്കുന്നതിനും ആർക്കാണ് ചുമതല നൽകിയിട്ടുള്ളത് ;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭൂജലവകുപ്പിന് കുഴൽകിണർ നിർമ്മിക്കുന്നതിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട് ; എത്ര കുഴൽ കിണർ നാളിതുവരെ നിർമ്മിച്ചു നൽകി ; വിശദാംശം നൽകാമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) ഉണ്ട്.

(ഡി) ചട്ടങ്ങൾ രൂപീകരിക്കുന്നതിനുള്ള ശുപാർശ ഗവൺമെന്റിന്റെ പരിഗണനയിലാണ്. അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ലാത്തതുമൂലം ചുമതല ആർക്കെന്ന കാര്യം ഇപ്പോൾ തീർച്ചയാക്കിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വകുപ്പിന് 5,377 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. 1343 കുഴൽ കിണറുകൾ വകുപ്പു നിർമ്മിച്ച് നൽകിയിട്ടുണ്ട്.

ഭൂഗർഭ ജലവകുപ്പിൽ തസ്തികമാറ്റം/പ്രമോഷൻ വഴി ജൂനിയർ ഹൈഡ്രോജിയോളജിസ്റ്റായി നിയമനം

76 (968) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂഗർഭ ജലവകുപ്പിൽ നാളിതുവരെ ജിയോളജിക്കൽ അസിസ്റ്റന്റിൽ നിന്നും തസ്തികമാറ്റം/പ്രൊമോഷൻ വഴി ജൂനിയർ ഹൈഡ്രോജിയോളജിസ്റ്റായി നിയമനം ലഭിച്ച എത്രപേരുണ്ട് ; അവരുടെ പേരും ജൂനിയർ ഹൈഡ്രോ ജിയോളജിസ്റ്റായി ഉദ്യോഗക്കയറ്റം നൽകിയ തീയതിയും പട്ടിക തിരിച്ചു വിശദമാക്കുമോ ;

(ബി) ഭൂഗർഭജലവകുപ്പിൽ 1990 ജനുവരി 1-ന് ശേഷം നാളിതുവരെ പി. എസ്. സി. വഴി ജൂനിയർ ഹൈഡ്രോജിയോളജിസ്റ്റായി നിയമനം ലഭിച്ചവരുടെ പേരും നിയമനം നൽകിയ തീയതിയും പട്ടികതിരിച്ച് വ്യക്തമാക്കുമോ ;

(സി) 1990 ജനുവരി 1-നുശേഷം പി. എസ്. സി. വഴി പ്രസ്തുത തസ്തികയിൽ നിയമനം ലഭിച്ചവരിൽ എത്രപേർ ഈ വകുപ്പിൽ നിന്നും പിരിഞ്ഞുപോയിട്ടുണ്ട് ; അവരുടെ പേരും പിരിഞ്ഞുപോയ തീയതിയും വ്യക്തമാക്കുമോ ;

(ഡി) 2002 ജൂലായ് മാസത്തിൽ ഈ വകുപ്പിൽ നിന്നും പിരിഞ്ഞുപോയ ശ്രീ. എം. എസ്. രാജ്കുമാർ, ശ്രീ. എം. കെ. മനോജ് എന്നിവർക്ക് പകരമായി ഇപ്പോൾ നിലവിലുള്ള പി. എസ്. സി. യുടെ ജൂനിയർ ഹൈഡ്രോജിയോളജിസ്റ്റ് ലിസ്റ്റിൽ നിന്നും വേറെ ഉദ്യോഗാർത്ഥികളെ നിയമിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ നിയമനം നടത്താൻ സത്വര നടപടി സ്വീകരിക്കുമോ ;

(ഇ) പി. എസ്. സി. യിൽ നിന്നും ജൂനിയർ ഹൈഡ്രോ ജിയോളജിസ്റ്റായി നിയമനം ലഭിച്ചശേഷം ഭൂഗർഭ ജലവകുപ്പിൽ നിന്നും പിരിഞ്ഞുപോയവർക്ക് പകരമായി അപ്പോൾ നിലവിലുണ്ടായിരുന്ന പി. എസ്. സി. യുടെ ജൂനിയർ ഹൈഡ്രോ ജിയോളജിസ്റ്റ് ലിസ്റ്റിൽ നിന്നും വേറെ ഉദ്യോഗാർത്ഥികളെ നിയമിച്ചിട്ടുണ്ടോ ; ഈ വകുപ്പിൽ നിന്നും പിരിഞ്ഞുപോയവരുടെ പേരും തീയതിയും അവർക്ക് പകരമായി പി. എസ്. സി. റാങ്ക് ലിസ്റ്റിൽ നിന്നും നേരിട്ട് നിയമനം നടത്തിയവരുടെ പേരും തീയതിയും വെളിപ്പെടുത്തുമോ ;

(എഫ്) 2003 മാർച്ച് മാസം ഈ വകുപ്പിൽനിന്നും പെൻഷൻ പറ്റിയ ശ്രീ. കെ. കരുണാകരന് പകരമായി നിലവിലുള്ള പി. എസ്. സി. യുടെ ജൂനിയർ ഹൈഡ്രോജിയോളജിസ്റ്റ് ലിസ്റ്റിൽ നിന്നും വേറെ ഉദ്യോഗാർത്ഥികളെ നിയമിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly